124 (124) ആരോഗ്യ പദ്ധതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ കേന്ദ്രഗവൺമെന്റ് നടപ്പാക്കേണ്ട ആരോഗ്യ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് ഉൾപ്പെടുത്തിയത്;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)മുതൽ(സി)വരെ ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യവ്യവസ്ഥാ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, ചികിത്സ സാമഗ്രികൾ ലഭ്യമാക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രി തലത്തിലും സംസ്ഥാനസർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

125 (125) ആശുപത്രി വികസനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ആശുപത്രികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ തൃശ്ശൂർ ജില്ലയിൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ചേർപ്പ്, ആലപ്പാട് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) തൃപ്രയാർ ആശുപത്രിയിൽ ഈ സഹായം ഉപയോഗപ്പെടുത്തി പുതിയ വാർഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)മുതൽ(സി)വരെ ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ ഇൻഡ്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യവ്യവസ്ഥാ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രിക

LIBRARY ARCHIVES Kerala Legislative Assembly